# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1494

11.02.2013-ൽ മറുപടിക്ക്

## വെട്ടിക്കവല, കൊട്ടാരക്കര ബ്ലോക്കുകളിൽ മുടങ്ങിക്കിടക്കുന്ന പി.എം.ജി.എസ്.വൈ പ്രവൃത്തികൾ

ചോദ്യം

ശ്രീമതി പി.അയിഷാ പോറ്റി

ഉത്തരം

ശ്രീ.കെ.സി.ജോസഫ്

(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | |
|---|---|
| എ) പി.എം.ജി.എസ്. വൈ പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്കിൽ ഫെയ്സ് IV പ്രകാരവും കൊട്ടാരക്കര ബ്ലോക്കിൽ ഫെയ്സ് VII പ്രകാരവും മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ് | എ) പി.എം.ജി.എസ്. വൈ പദ്ധതി പ്രകാരം കൊട്ടാരക്കര ബ്ലോക്കിൽ നിലവിൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഒന്നുംതന്നെ ഇല്ല. വെട്ടിക്കവല ബ്ലോക്കിൽ മുടങ്ങിക്കിടക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. എന്നാൽ ഫേസ് VII ൽ ഉൾപ്പെട്ട കൊട്ടാരക്കര ബ്ലോക്കിന്റെ പരിധിയിൽ വരുന്ന വെളിയം കോളനി മാലയിൽ റോഡ്, നാൽക്കവല മീയണ്ണൂർ - കോലമത്ത് റോഡ്, മുള്ളം പാറ - കുടവട്ടൂർ റോഡ്, ഇരുനാനങ്ങാട് - തുണ്ടിൽ കോളനി റോഡ് എന്നീ പ്രവൃത്തികൾക്ക് കരാർ ഉറപ്പിക്കാൻ കഴിഞ്ഞിട്ടില്ല. |
| ബി) പ്രസ്തുത പ്രവൃത്തികളുടെ കരാർ ഉറപ്പിക്കുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ? | ബി) ഫേസ് 4 ൽ ഉൾപ്പെട്ട മൂന്ന് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ ടി പ്രവൃത്തികളുടെ കരാർ റദ്ദ് ചെയ്യുകയും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ബാക്കി പണികൾ പൂർത്തീയാക്കുന്നതിന് 2 തവണ ടെണ്ടർ നടപടികൾക്ക് |

| | |
|---|---|
| | വിധേയമാക്കിയിട്ടും കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. ടി പ്രവൃത്തികൾ നെഗോഷിയേറ്റ് ക്വട്ടേഷൻ വ്യവസ്ഥയ്ക്ക് വിധേയമാക്കിയപ്പോൾ ഉണ്ടേന്റെമുക്ക് കൈതോട് ചെറുപൊയ്ക റോഡിനും, അൽഫോൺസാ ക്യാഷ്യൂ ഫാക്ടറി ഞവരൂർ ചർച്ച് റോഡിനും ഒരു കരാറുകാരൻ 2004 ഷെഡ്യൂൾ ഓഫ് റേറ്റിൽ നിന്നും 199 ശതമാനം അധിക നിരക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. കരാർ ഉറപ്പിക്കാൻ കഴിയാത്ത ഫേസ് 7 ലെ പ്രവൃത്തികൾ ക്വട്ടേഷൻ വ്യവസ്ഥയ്ക്ക് വിധേയമാക്കിയപ്പോൾ വെളിയം കോളനി മാലയിൽ റോഡിന് ഒരു കരാറുകാരൻ 2010 ഷെഡ്യൂൾ ഓഫ് റേറ്റിൽ നിന്നും 75 ശതമാനം അധിക നിരക്ക് ആവശ്യപ്പെട്ടുകൊണ്ട് ക്വോട്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ 2010 ഷെഡ്യൂൾ ഓഫ് റേറ്റിൽ നിന്നും 42 ശതമാനം അധിക നിരക്ക് നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ടി ബ്ലോക്കിലെ തന്നെ നാൽക്കവല മീയണ്ണൂർ കോലമത്ത്, മുള്ളം പാല കുടവട്ടൂർ, ഉരുമ്പനങ്ങാട് തുണ്ടിൽ കോളനി എന്നീ റോഡുകൾക്ക് കരാറുകാർ ക്വോട്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കുറഞ്ഞ റേറ്റ്ക്വോട്ട് ചെയ്ത (70%) കരാറുകാരനോട് സമർപ്പിച്ച റേറ്റ്കുറച്ച് തരുവാൻ ആവശ്യപ്പെട്ടിട്ടും തയ്യാറാകാത്തതിനാൽ രണ്ടാമത്തെ കരാറുകാരനോട് റേറ്റ് കുറച്ച് തരുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

നോഡൽ ഓഫീസർ

**അനുബന്ധം**

| ബ്ലോക്ക് | ക്രമ നമ്പർ | റോഡിന്റെ പേര് |
|---|---|---|
| വെട്ടിക്കവല | 1 | കളീലുവിള മാവേലി NSS കരയോഗം വള്ളക്കടവ് റോഡ് (Phase IV) |
| | 2 | ഉണ്ടേന്റെ മുക്ക് കൈ തോട് ചെറുപൊയ്കറോഡ് (ശ്രീ നാരായണപുരം) (Phase IV) |
| | 3 | അൽഫോൺസാ കാഷ്യുഫാക്ടറി ഞവരൂർചർച്ച് റോഡ് (Phase IV) |

സെക്ഷൻ ഓഫീസർ